സൂറഃ-8

# അൽ അൻഫാൽ

إِذۡ أَنتُم بِٱلۡعُدۡوَةِ ٱلدُّنۡيَا وَهُم بِٱلۡعُدۡوَةِ ٱلۡقُصۡوَىٰ وَٱلرَّكۡبُ أَسۡفَلَ مِنكُمۡۚ وَلَوۡ
تَوَاعَدتُّمۡ لَٱخۡتَلَفۡتُمۡ فِي ٱلۡمِيعَٰدِ وَلَٰكِن لِّيَقۡضِيَ ٱللَّهُ أَمۡرٗا كَانَ مَفۡعُولٗا
لِّيَهۡلِكَ مَنۡ هَلَكَ عَنۢ بَيِّنَةٖ وَيَحۡيَىٰ مَنۡ حَيَّ عَنۢ بَيِّنَةٖۗ وَإِنَّ ٱللَّهَ لَسَمِيعٌ عَلِيمٌ
٤٢

**42.** നിങ്ങൾ താഴ്‌വരയിൽ മദീനയോടടുത്ത ഭാഗത്തും അവർ അകന്ന ഭാഗത്തും താവളമടിക്കുകയും വ്യാപാരസംഘം നിങ്ങൾക്കുതാഴെ തീരമാർഗം പ്രാപിക്കുകയും ചെയ്ത സന്ദർഭമോർക്കുക. ഏറ്റുമുട്ടാൻ നേരത്തെ തീരുമാനിച്ചിരുന്നുവെങ്കിൽ ഈ സന്ദർഭത്തിൽ തീർച്ചയായും നിങ്ങൾ പിന്മാറിക്കളയുമായിരുന്നു. എന്നാൽ അല്ലാഹു തീരുമാനിക്കുന്ന കാര്യം നടപ്പാക്കാൻ; അഥവാ, നശിക്കേണ്ടവൻ തെളിഞ്ഞ ന്യായത്തോടെ നശിക്കേണ്ടതിനും ജീവിക്കേണ്ടവൻ തെളിഞ്ഞ ന്യായത്തോടെ ജീവിക്കേണ്ടതിനുമാണ് ഇതൊക്കെയും സംഭവിച്ചത്. നിശ്ചയം, അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

إِذۡ يُرِيكَهُمُ ٱللَّهُ فِي مَنَامِكَ قَلِيلٗاۖ وَلَوۡ أَرَىٰكَهُمۡ كَثِيرٗا لَّفَشِلۡتُمۡ
وَلَتَنَٰزَعۡتُمۡ فِي ٱلۡأَمۡرِ وَلَٰكِنَّ ٱللَّهَ سَلَّمَۚ إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ ٤٣

**43.** പ്രവാചകാ, നിന്റെ സ്വപ്നത്തിൽ അല്ലാഹു അവരുടെ സംഘബലം കുറച്ചുകാണിച്ചുതന്നതും ഓർക്കുക. അവരുടെ സംഘബലം പെരുത്തതായി കാണിച്ചിരുന്നുവെങ്കിൽ തീർച്ചയായും നിങ്ങളുടെ മനോവീര്യം നശിക്കുകയും ഏറ്റുമുട്ടുന്നതിനെക്കുറിച്ച് തർക്കിക്കുകയും ചെയ്യുമായിരുന്നു. പക്ഷേ, അല്ലാഹു അതിൽ നിന്നൊക്കെ നിങ്ങളെ രക്ഷിച്ചു. അവൻ മനോഗതങ്ങൾവരെ അറിയുന്നുവല്ലോ.

وَإِذۡ يُرِيكُمُوهُمۡ إِذِ ٱلۡتَقَيۡتُمۡ فِيٓ أَعۡيُنِكُمۡ قَلِيلٗا وَيُقَلِّلُكُمۡ فِيٓ أَعۡيُنِهِمۡ
لِيَقۡضِيَ ٱللَّهُ أَمۡرٗا كَانَ مَفۡعُولٗاۗ وَإِلَى ٱللَّهِ تُرۡجَعُ ٱلۡأُمُورُ ٤٤

**44.** പരസ്പരം ഏറ്റുമുട്ടിയപ്പോൾ നിങ്ങളുടെ കണ്ണിൽ അവരെയും അവരുടെ കണ്ണിൽ നിങ്ങളെയും കുറച്ചു കാണിച്ചതും ഓർക്കുവിൻ. അല്ലാഹു നിശ്ചയിച്ച കാര്യം നടക്കാൻ വേണ്ടിത്തന്നെയായിരുന്നു അത്. അല്ലാഹുവിങ്കലേക്കല്ലോ സകല സംഗതികളും മടക്കപ്പെടുന്നത്.

إِذۡ أَنتُم= നിങ്ങൾ(താവളമടിച്ചതും) ഓർക്കുക بِٱلۡعُدۡوَةِ= (താഴ്‌വരയുടെ)ഭാഗത്ത്, ചെരുവിൽ
ٱلدُّنۡيَا = (മദീനയോട്) അടുത്ത وَهُم= അവർ(ശത്രുക്കൾ) بِٱلۡعُدۡوَةِ ٱلۡقُصۡوَىٰ= അകന്ന ഭാഗത്തും وَٱلرَّكۡبُ= വാഹനം, വ്യാപാരസംഘം
أَسۡفَلَ مِنكُمۡۚ= നിങ്ങളിൽനിന്ന് താഴെയും(നിങ്ങൾക്കുതാഴെ തീരമാർഗം പ്രാപിക്കുകയും ചെയ്ത സന്ദർഭം)

وَلَوْ تَوَاعَدتُّمْ= (പരസ്പരം ഏറ്റുമുട്ടാൻ)നിങ്ങൾ(നേരത്തെ)തീരുമാനിച്ചിരുന്നെങ്കിൽ

لَاخْتَلَفْتُمْ= നിങ്ങൾ പിന്മാറിക്കളയുമായിരുന്നു, ഭിന്നിക്കുമായിരുന്നു فِي الْمِيعَادِ= ഈ നിശ്ചിത സന്ദർഭത്തിൽ وَلَٰكِن= പക്ഷേ, എന്നാൽ

لِّيَقْضِيَ اللَّهُ أَمْرًا كَانَ مَفْعُولًا= ചെയ്യപ്പെടുന്നതായ ഒരു കാര്യം അല്ലാഹു വിധിക്കുന്നതിനുവേണ്ടി (അല്ലാഹു തീരുമാനിക്കുന്നകാര്യം നടപ്പിലാക്കുന്നതിന്) ആകുന്നു

لِّيَهْلِكَ= (അഥവാ) നശിക്കാൻ مَنْ هَلَكَ= നശിച്ചവൻ(നശിക്കേണ്ടവൻ) عَن بَيِّنَةٍ= തെളിവോടെ(തെളിഞ്ഞ ന്യായത്തോടെ)

وَيَحْيَىٰ= ജീവിക്കുന്നതിനും مَنْ حَيَّ= ജീവിച്ചവൻ(ജീവിക്കേണ്ടവൻ) عَن بَيِّنَةٍ= തെളിവോടെ(തെളിഞ്ഞ ന്യായത്തോടെ)

وَإِنَّ اللَّهَ= നിശ്ചയം അല്ലാഹു لَسَمِيعٌ= എല്ലാം കേൾക്കുന്നവനും عَلِيمٌ= എല്ലാം അറിയുന്നവനുമല്ലോ

إِذْ يُرِيكَهُمُ اللَّهُ= (പ്രവാചകാ)അല്ലാഹു അവരെ നിനക്കു കാണിച്ചുതന്നതും ഓർക്കുക فِي مَنَامِكَ= നിന്റെ സ്വപ്നത്തിൽ

قَلِيلًا = (സംഘബലം)കുറഞ്ഞവരായി وَلَوْ أَرَاكَهُمْ= അവൻ അവരെ നിനക്കു കാണിച്ചിരുന്നുവെങ്കിൽ

كَثِيرًا= (അവരുടെ സംഘബലം)പെരുത്തതായി

لَّفَشِلْتُمْ= തീർച്ചയായും നിങ്ങൾ ശിഥിലമാകുമായിരുന്നു(നിങ്ങളുടെ മനോവീര്യം നശിക്കുകയും)

وَلَتَنَازَعْتُمْ= തീർച്ചയായും നിങ്ങൾ തർക്കിക്കുകയും ചെയ്യുമായിരുന്നു فِي الْأَمْرِ = കാര്യത്തിൽ (ഏറ്റുമുട്ടുന്നതിനെക്കുറിച്ച്)

وَلَٰكِنَّ اللَّهَ= പക്ഷേ, അല്ലാഹു سَلَّمَ = (അതിൽനിന്നൊക്കെ നിങ്ങളെ) രക്ഷിച്ചു إِنَّهُ= തീർച്ചയായും അവൻ

عَلِيمٌ = സൂക്ഷ്മമായി അറിയുന്നവനാകുന്നു(അറിയുന്നവനല്ലോ) بِذَاتِ الصُّدُورِ = മാറിടങ്ങളിലുള്ളത്(മനോഗതങ്ങൾവരെ)

وَإِذْ يُرِيكُمُوهُمْ= ഓർക്കുക നിങ്ങൾക്ക് അവരെ കാണിച്ചതും إِذِ الْتَقَيْتُمْ= നിങ്ങൾ ഏറ്റുമുട്ടിയപ്പോൾ

فِي أَعْيُنِكُمْ= നിങ്ങളുടെ കണ്ണുകളിൽ قَلِيلًا= കുറച്ച്(എണ്ണത്തിൽ കുറഞ്ഞവരായി)

وَيُقَلِّلُكُمْ= അവൻ നിങ്ങളെ കുറക്കുന്നു(കുറച്ചു കാണിച്ചതും) فِي أَعْيُنِهِمْ= അവരുടെ കണ്ണുകളിൽ

لِيَقْضِيَ اللَّهُ أَمْرًا كَانَ مَفْعُولًا= ചെയ്യപ്പെടുന്ന ഒരു കാര്യം അല്ലാഹു വിധിക്കുന്നതിനുവേണ്ടി (അല്ലാഹു നിശ്ചയിച്ച കാര്യം നടക്കാൻ വേണ്ടിത്തന്നെയായിരുന്നു അത്)

وَإِلَى اللَّهِ= അല്ലാഹുവിങ്കലേക്കല്ലോ تُرْجَعُ= മടക്ക(ം)പ്പെടുന്നു الْأُمُورُ= (സകല)കാര്യങ്ങൾ(ളുടെയും)

**42:** മുൻസൂക്തത്തിൽ സൂചിപ്പിച്ച ദൈവസഹായത്തിന്റെ ഒരുദാഹരണമാണ് ഈ സൂക്തം വിവരിക്കുന്നത്. ബദ്ർ സംഘട്ടനം യഥാർഥത്തിൽ മുസ്‌ലിംകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയതായിരുന്നില്ല. പ്രത്യുത നിങ്ങൾ പ്രതീക്ഷിക്കാത്ത കുറെ പദ്ധതികൾ അല്ലാഹു ആസൂത്രണം ചെയ്ത് നിങ്ങളെക്കൊണ്ട് നടപ്പിലാക്കുകയായിരുന്നു. അദൃശ്യമായ ദൈവികപ്രവർത്തനങ്ങളുടെയും കാര്യകാരണ വ്യവസ്ഥയുടെയും സമഞ്ജസമായ മേളനമാണ് ബദ്ർ സംഭവത്തിൽ കാണാൻ കഴിയുക. യുദ്ധം ഒരനിവാര്യതയായിത്തീർന്ന സാഹചര്യംതന്നെ നോക്കുക. ഖുറൈശി വ്യാപാര സംഘത്തെ തേടിപ്പുറപ്പെട്ട മുസ്‌ലിംകൾ റമദാൻ 17-ന് ബദ്റിന്റെ ഇങ്ങേത്തലക്കൽ എത്തിച്ചേരുന്നു. അപ്പോൾ തന്നെ വ്യാപാര സംഘത്തെ രക്ഷിക്കാൻ പുറപ്പെട്ട ഖുറൈശിപ്പട ബദ്റിന്റെ അങ്ങേതലക്കലും എത്തിച്ചേരുന്നു. അങ്ങനെ ഒരു കണ്ടുമുട്ടൽ നേരത്തെ തീരുമാനിച്ചിരുന്നില്ല. ബദ്റിൽ വെച്ച് ഖുറൈശികളുമായി ഏറ്റുമുട്ടാൻ തീരുമാനിച്ചിരുന്നുവെങ്കിൽ മുസ്‌ലിംകൾ കൃത്യസമയത്ത് അവിടെ എത്തുമായിരുന്നില്ല. എത്തിയാൽ തന്നെ ഖുറൈശികൾ എത്തുംമുമ്പ് സ്ഥലം വിടാൻ തിരക്കുകൂട്ടുമായിരുന്നു. ഖുറൈശി വ്യാപാര സംഘത്തിന്റെ ആഗമനത്തെക്കുറിച്ച് അല്ലാഹു പ്രവാചകനെ അറിയിച്ചതനുസരിച്ചാണ് പ്രവാചകനും സംഘവും മദീനയിൽനിന്നു പുറപ്പെട്ടത്. ഇങ്ങനെയൊരറിയിപ്പില്ലായിരുന്നുവെങ്കിൽ മുസ്‌ലിംകൾ മദീനയിൽനിന്ന് പുറപ്പെടുകയേയില്ലായിരുന്നു. പുറപ്പെട്ടപ്പോൾ കച്ചവടസംഘമായിരുന്നു അവരുടെ ലക്ഷ്യം. പ്രവാചകന് അല്ലാഹു വാഗ്ദാനം ചെയ്തത് കച്ചവട സംഘത്തെയോ ഖുറൈശിപ്പടയെയോ രണ്ടാലൊന്നുമായി ഏറ്റുമുട്ടുമെന്നായിരുന്നുവെങ്കിലും ഖുറൈശിപ്പടയുമായി ഏറ്റുമുട്ടേണ്ടിവന്നേക്കാം എന്ന കാര്യം അദ്ദേഹം സഖാക്കളെ അറിയിച്ചിരുന്നില്ല. അറിയിച്ചിരുന്നെങ്കിൽ അവർ ഈ യാത്രക്ക് തയാറാകുമായിരുന്നില്ല. വ്യാപാര സംഘത്തെ പിടികൂടുന്നതിനുവേണ്ടി പുറപ്പെടാൻ തന്നെ അവരിൽ പലരും മടിച്ചതാണല്ലോ. വ്യാപാര സംഘത്തെ രക്ഷപ്പെടാൻ അനുവദിച്ചതും അല്ലാഹുവിന്റെ ആസൂത്രണമായിരുന്നു. മുസ്‌ലിംകൾ വ്യാപാര സംഘത്തെ പിടികൂടിയിരുന്നുവെങ്കിൽ വ്യാപാരസംഘത്തിന്റെ പ്രതിരോധത്തിനുപുറമെ ഖുറൈശി സൈന്യത്തിന്റെ വർധിത വീര്യത്തോടെയുള്ള ആക്രമണവും അവർ നേരിടേണ്ടിവരുമായിരുന്നു. ഖുറൈശിപ്പടയിലുണ്ടായ പടലപിണക്കങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല. തങ്ങളുടെ ധനം സംരക്ഷിക്കുന്നതിനുവേണ്ടി അവർ ഒറ്റക്കെട്ടായി അങ്ങേയറ്റത്തെ ഊറ്റത്തോടെ പൊരുതുമായിരുന്നു. അതിൽ അവരെ പരാജയപ്പെടുത്തുക മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം അതീവ ദുഷ്കരമാകുമായിരുന്നു. മുസ്‌ലിംകൾ ബദ്റിലെത്തിയപ്പോഴാണ് കച്ചവടസംഘം സമുദ്രതീരപാതയിലൂടെ രക്ഷപ്പെട്ട വിവരമറിയുന്നത്. കച്ചവടസംഘം രക്ഷപ്പെട്ടല്ലോ, ഇനി നാട്ടിലേക്കു മടങ്ങാം എന്ന അഭിപ്രായം സ്വാഭാവികമായും അവർക്കിടയിൽ ഉയർന്നുവന്നു. പക്ഷേ,

അതേപ്പറ്റി ഏറെ ആലോചിക്കും മുമ്പുതന്നെ ഖുറൈശിപ്പട ബദ്റിന്റെ മറ്റേ തലക്കൽ എത്തിച്ചേർന്നതും ആ സംഘട്ടനം അനിവാര്യമാക്കിത്തീർത്തു. അതും അല്ലാഹുവിന്റെ ആസൂത്രിത പദ്ധതിയായിരുന്നു. അന്നത്തെ സാഹചര്യത്തിൽ ഏറ്റുമുട്ടാൻ ഏറ്റവും ഉചിതമായ സ്ഥലമായിരുന്നു ബദ്ർ. മുസ്‌ലിംകൾ അൽപം നേരത്തെ അവിടെ എത്തിച്ചേർന്നതുകൊണ്ട് ആവശ്യമായ ജലസൗകര്യമേർപ്പെടുത്താൻ അവർക്ക് അനായാസം സാധിച്ചു. യുദ്ധത്തിന്റെ ഗതിനിർണയിക്കുന്ന ഒരു ഘടകമായിരുന്നു ജലസൗകര്യം. ഖുറൈശികൾ ബദ്റിന്റെ മറ്റേ തലക്കലായത് അവരുടെ ജലസൗകര്യത്തെ പരിമിതപ്പെടുത്തി. ഖുറൈശികൾ എത്തുംമുമ്പ് മുസ്‌ലിംകൾ ബദ്റിൽനിന്ന് മടങ്ങിയിരുന്നുവെങ്കിൽ ഖുറൈശികൾ അതിനെ തങ്ങളുടെ മഹാവിജയമായി അറബികൾക്കിടയിൽ പ്രചരിപ്പിക്കുമായിരുന്നു. ഈ സംഘട്ടനത്തിൽ വിജയിക്കുന്നതാരാണോ അവരാണ് സത്യത്തിന്റെ കക്ഷികളെന്ന് നേരത്തെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണല്ലോ. അതിനാൽ മുസ്‌ലിംകൾ തങ്ങളോട് ഏറ്റുമുട്ടാൻ ധൈര്യപ്പെടാതെ ഓടിയൊളിച്ചുകളഞ്ഞു എന്ന ഖുറൈശികളുടെ പ്രചാരണം ഇസ്‌ലാം അസത്യമാണെന്നും ഖുറൈശികളാണ് സത്യത്തിന്റെ വാഹകരെന്നും ഉള്ള ഗുരുതരമായ തെറ്റുധാരണയിൽ മറ്റ് അറേബ്യൻ ഗോത്രങ്ങളെ അകപ്പെടുത്തുമായിരുന്നു. ഖുറൈശികളുടെ ധാർഷ്ട്യം വർധിക്കാനും വിദൂരമല്ലാത്ത ഭാവിയിൽ കുറെകൂടി സജ്ജീകരണങ്ങളോടെ വന്ന് മദീനയെത്തന്നെ ആക്രമിക്കാനുള്ള സാധ്യത വേറെയുമുണ്ട്. ഇത്തരം ആപത്തുകളൊഴിവാക്കാനും ബദ്റിൽ വെച്ചുതന്നെ ഒരു സംഘട്ടനം സൃഷ്ടിച്ച് അതിൽ മുസ്‌ലിംകൾക്ക് നിർണായക വിജയം പ്രദാനം ചെയ്തുകൊണ്ട് അല്ലാഹുവിന്റെ പിന്തുണയുള്ള സത്യത്തിന്റെ കക്ഷി മുസ്‌ലിംകളാണെന്ന് ഖുറൈശികളെയും ഇതര അറബികളെയും ബോധ്യപ്പെടുത്താനും അല്ലാഹു തീരുമാനിച്ചിരുന്നു.

لِّيَهۡلِكَ مَنۡ هَلَكَ عَنۢ بَيِّنَةٖ وَيَحۡيَىٰ مَنۡ حَيَّ عَنۢ بَيِّنَةٖ (നശിക്കേണ്ടവൻ തെളിഞ്ഞ ന്യായത്തോടെ നശിക്കേണ്ടതിനും ജീവിക്കേണ്ടവൻ തെളിഞ്ഞ ന്യായത്തോടെ ജീവിക്കേണ്ടതിനും) എന്നു പറയുന്നത് ആളുകളുടെ ശാരീരികമായ ജീവിത മരണങ്ങളെക്കുറിച്ചല്ല. പ്രത്യുത ആദർശത്തിന്റെ നിലനിൽപിനെയും തകർച്ചയെയും കുറിച്ചാണ്. മുൻ സൂചിപ്പിച്ച കാരണങ്ങളാൽ ബദ്റിന്റെ ഫലമായി ബഹുദൈവവിശ്വാസവും ജാഹിലിയ്യത്തും തകരുകയാണെന്നും അതു തകരേണ്ടതുതന്നെയാണെന്നും ഇസ്‌ലാം വിജയിക്കുകയാണെന്നും അതു വിജയിക്കേണ്ടതു തന്നെയാണെന്നും മനസ്സിലാക്കാൻ ജനങ്ങൾക്ക് വ്യക്തമായ ന്യായം ലഭിക്കും. അതിനുവേണ്ടിയാണ് അല്ലാഹു ഈ സംഘട്ടനം ഇവിടെ വെച്ച് ഇപ്പോൾതന്നെ നടത്താൻ തീരുമാനിച്ചത്. അല്ലാതെ, അല്ലാഹു വെറുതെ നിങ്ങളിരുകൂട്ടരെയും ഇവിടെ കൊണ്ടുവന്ന് സംഘട്ടനത്തിലേർപ്പെടുത്തുകയായിരുന്നില്ല. ആളുകളുടെ ചർച്ചകളും വാദങ്ങളും അവൻ ശരിക്കും കേൾക്കുന്നുണ്ട്. അവരുടെ മനസ്സിലുള്ളതെന്തെന്ന് സൂക്ഷ്മമായി അറിയുന്നുമുണ്ട്. ആ അറിവും അതുപ്രകാരമുള്ള തീരുമാനങ്ങളുമനുസരിച്ചാണ് അവൻ സംഭവങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കുന്നത്. ഇതാണ് സൂക്തത്തിന്റെ സമാപനവാക്യമായ إِنَّ ٱللَّهَ لَسَمِيعٌ عَلِيمٌ -ന്റെ താൽപര്യം.

**43:** ബദ്ർ സംഭവത്തിൽ അല്ലാഹുവിന്റെ മറ്റൊരു ഇടപെടലാണ് ഇവിടെ സൂചിപ്പിക്കുന്നത്. സംഘട്ടനം തുടങ്ങുന്നതിനു മുമ്പ് നബി(സ) തന്റെ കൂടാരത്തിൽവന്നിരുന്ന് ഒന്നു മയങ്ങി. മയക്കത്തിൽ അദ്ദേഹത്തിനുണ്ടായ സ്വപ്നത്തിൽ ഖുറൈശിസേന വളരെ ചെറുതായിക്കണ്ടു. ഉടനെ തിരുമേനി ശിഷ്യന്മാരെ വിളിച്ച് വിജയം ഉറപ്പുനൽകുകയായിരുന്നു. അത് ശത്രുക്കളുമായി ഏറ്റുമുട്ടാനുള്ള മുസ്‌ലിംകളുടെ ആത്മധൈര്യവും അക്കാര്യത്തിൽ ഐക്യബോധവും വളർത്തി. ഇതേപ്പറ്റി ഇബ്നു ഇസ്ഹാഖും ഇബ്നുൽ മുൻദിറും ഉദ്ധരിക്കുന്നു. ബദ്ർ ദിനത്തിൽ ശിഷ്യന്മാരെ ശരിക്കും അണിനിരത്തിയശേഷം റസൂൽ(സ) സ്വന്തം കൂടാരത്തിലേക്കു മടങ്ങി. അബൂബകർ(റ) ഞങ്ങളോടൊപ്പമുണ്ടായിരുന്നു. കൂടാരത്തിലിരുന്ന് തിരുമേനി ഒന്നുമയങ്ങി. പിന്നീട് ഉണർന്നു വിളിച്ചു പറഞ്ഞു: അബൂബക്കറേ, സന്തോഷിക്കുക, ദൈവസഹായം നിങ്ങൾക്കു വന്നെത്തിയിരിക്കുന്നു. ഇതാ ജിബ്‌രീൽ തന്റെ പടക്കുതിരയുടെ കടിഞ്ഞാണും പിടിച്ചു നിൽക്കുന്നു.'

യഥാർഥത്തിൽ ഖുറൈശികൾ മുസ്‌ലിംകളുടെ മൂന്നിരട്ടിയുണ്ടായിരുന്നു. ആവിധം വർധിച്ചവരായിത്തന്നെ അല്ലാഹു അവരെ കാണിച്ചിരുന്നുവെങ്കിൽ മുസ്‌ലിംകൾ ധൈര്യം ചോർന്ന് വിരണ്ടുപോവുകയും ഇത്ര പെരുത്ത പടയുമായി ഏറ്റുമുട്ടണമോ എന്ന് തർക്കിച്ച് ശിഥിലരാവുകയും ചെയ്യുമായിരുന്നു. പരാമർശിക്കുന്നത് മൊത്തം മുസ്‌ലിംകളെയാണെങ്കിലും ഉദ്ദേശ്യം ആ കൂട്ടത്തിലെ വിശ്വാസബലമില്ലാത്തവരും ഭീരുക്കളുമായ മുസ്‌ലിംകളെയും കപടവിശ്വാസികളെയുമാണ്. പ്രവാചകൻ കടലിൽ ചാടാൻ പറഞ്ഞാൽ നിസ്സങ്കോചം ചാടുന്നവരും മുഹമ്മദുണ്ടാക്കിയ ഈ ആപത്തിൽനിന്ന് എങ്ങനെയെങ്കിലുമൊന്ന് രക്ഷപ്പെട്ടുകിട്ടിയാൽ മതി എന്നു വിചാരിക്കുന്നവരും പ്രവാചകനോടൊപ്പമുള്ളവരിലുണ്ടായിരുന്നു. ഒരു സംഘട്ടനം കൂടിയേ തീരൂ എന്നുണ്ടെങ്കിൽ ഖുറൈശിപ്പടയെവിട്ട് ആൾബലം കുറഞ്ഞതും സമ്പൽ സമൃദ്ധവുമായ വ്യാപാര സംഘത്തെ പിന്തുടരാം എന്ന് നേരത്തെതന്നെ അവരിൽ ചിലർ നിർദേശമുന്നയിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ ഖുറൈശികൾ തങ്ങളുടെ മൂന്നിരട്ടിയുണ്ടെന്നു കാണുക കൂടി ചെയ്താൽ അവരുടെ ഭീതി വർധിക്കുകയും അഭിപ്രായ ഭിന്നത മൂർഛിക്കുകയും ചെയ്യുമെന്നുറപ്പാണ്. ഈ പ്രതിസന്ധിയിൽനിന്ന് മുസ്‌ലിംകളെ രക്ഷിക്കുകയായിരുന്നു അല്ലാഹു.

إِذۡ يُرِيكَهُمُ ٱللَّهُ فِي مَنَامِكَ (അല്ലാഹു നിന്റെ സ്വപ്നത്തിൽ നിനക്കു കാണിച്ചുതരുന്നു) എന്ന് സംബോധന ചെയ്യുന്നത് പ്രവാചകനെ മാത്രമാണെങ്കിലും യഥാർഥസംബോധിതർ എല്ലാ മുസ്‌ലിംകളുമാണ്. പ്രവാചകൻ സമൂഹത്തിന്റെ കണ്ണും കാതും മനസ്സുമാണല്ലോ. ദിവ്യബോധനം വഴി അല്ലാഹു അറിയുന്നതെല്ലാം അദ്ദേഹം വിശ്വാസികളെ അറിയിക്കുന്നുണ്ട്. ആ നിലക്ക് പ്രവാചകന് കാണിച്ചു കൊടുക്കൽ സമൂഹത്തിന് കാണിച്ചുകൊടുക്കൽ തന്നെയാണ്. ഈ സ്വപ്നദർശനം 7-ാം സൂക്തത്തിൽ സൂചിപ്പിച്ചതുപോലെ മുസ്‌ലിംകളുടെ ആത്മധൈര്യത്തിനും മനസ്സമാധാനത്തിനും വേണ്ടി അവതരിപ്പിച്ച ഒരു സുവാർത്തയാണ്. മുസ്‌ലിംകളിൽ ചിലരുടെ ഭയവിഭ്രാന്തികളും മനോഗതങ്ങളും അല്ലാഹു ശരിക്കും അറിയുന്നുണ്ടായിരുന്നു. إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ അതുകൊണ്ടവൻ ഈ രീതിയിൽ അതിൽനിന്നെല്ലാം രക്ഷപ്പെടുത്തുകയായിരുന്നു.

ഇവിടെ ചിലയാളുകൾ ഒരു ചർച്ച ഉന്നയിക്കുന്നുണ്ട്. ഖുറൈശികൾ യഥാർഥത്തിൽ മുസ്‌ലിംകളുടെ മൂന്നിരട്ടിയുണ്ടായിരുന്നു. പ്രവാചകൻ സ്വപ്നത്തിൽ അവരെ കണ്ടത് വളരെ ചെറിയ സൈന്യമായിട്ടാണ്. പ്രവാചകന്റെ സ്വപ്നമാകട്ടെ ദിവ്യബോധനം (وحي) ആണല്ലോ. അപ്പോൾ യാഥാർഥ്യത്തിനെതിരായ വഹ്‌യും ചിലപ്പോൾ പ്രവാചകന്മാർക്കുണ്ടാവാം എന്നാണിതിൽനിന്നു മനസ്സിലാക്കേണ്ടത്. ഈ നിഗമനം ശരിയല്ല. കൊടിയ അക്രമമാണല്ലോ നരഹത്യ. യുദ്ധത്തിലും മറ്റും ആളു

കളെ വധിക്കാനും അല്ലാഹു പ്രവാചകന്മാരോടാവശ്യപ്പെടുന്നുണ്ട്. ഇതിനർഥം ചിലപ്പോൾ അല്ലാഹു അക്രമവും കൽപിക്കും എന്നല്ലല്ലോ. അല്ലാഹുവിന്റെ സന്ദേശം പ്രത്യക്ഷത്തിൽ എങ്ങനെയായിരുന്നാലും ആത്യന്തികമായി സത്യവും ധർമവും തന്നെയായിരിക്കും. അവരെ കുറഞ്ഞതായി കാണിച്ചുതരുന്നു. يريكهم قليلاً എന്നാണ് മൂലവാക്യം. ഒരു സൈന്യത്തെക്കുറിച്ച് 'കുറഞ്ഞത്' എന്ന് പറയുമ്പോൾ പടയാളികളുടെ എണ്ണത്തിലുള്ള കുറവാണ് പെട്ടെന്ന് മനസ്സിലുണരുക. അതുതന്നെയാണ് ഉദ്ദേശ്യമെങ്കിൽ ഖുറൈശിപ്പടയെ പൂർണരൂപത്തിൽ കാണിക്കാതെ അതിന്റെ കുറഞ്ഞഭാഗം മാത്രം കാണിച്ചു എന്നാണ് താൽപര്യം. മദീനയിൽനിന്നു പുറപ്പെടുമ്പോൾ ഖുറൈശിപ്പടയോടാണ് ഏറ്റുമുട്ടേണ്ടത് എന്ന് മുസ്‌ലിംകളെ അറിയിക്കാതിരുന്നതുപോലെയാണിത്. പടതുടങ്ങുമ്പോൾ സൈന്യത്തിന്റെ അധികഭാഗം കാണിച്ചിരുന്നുവെങ്കിൽ മുസ്‌ലിംകൾ വിരണ്ടുപോകുമായിരുന്നു. ഇതിൽ അസത്യത്തിന്റെ പ്രശ്നമൊന്നുമില്ല. ചെറുത്, കുറഞ്ഞത്, അൽപം (قليل) എന്ന പദം മറ്റെല്ലാ ഭാഷയിലുമെന്ന പോലെ അറബിയിലും അധമത്വത്തെയും മ്ലേഛതയെയും ഫലശൂന്യതയെയും, കുറിക്കാനും ഉപയോഗിക്കും. അൽപന്മാർ എന്നാൽ എണ്ണത്തിൽ കുറഞ്ഞവർ എന്നല്ല; മൂഢന്മാർ, അന്തഃസില്ലാത്തവർ എന്നാണല്ലോ അർഥം. ഖുറൈശിപ്പട എണ്ണത്തിൽ വളരെ കൂടുതലുണ്ടായിരുന്നുവെങ്കിലും അവരിൽ ധാർമികവീര്യവും ആത്മധൈര്യവും തീരെ കുറവായിരുന്നു. പദാർഥേതരമായ ഈ കുറവിനെ അംഗസംഖ്യയുടെ കുറവിന്റെ രൂപത്തിൽ ദൃശ്യമാക്കിയതാവാം. ഖുശൈി സൈനികരുടെ യഥാർഥ സംഖ്യയെക്കുറിച്ച് ചാരന്മാരിലൂടെ നേരത്തേ തന്നെ പ്രവാചകന് വിവരം ലഭിച്ചിരുന്നുവെന്നത് പരിഗണിക്കുമ്പോൾ ഈ വ്യാഖ്യാനമാണ് കൂടുതൽ പ്രസക്തമാകുന്നത്.

**44:** ഇതും അല്ലാഹുവിന്റെ ഒരിടപെടലാണ്. രണ്ടു സൈന്യവും കണ്ടുമുട്ടിയപ്പൾ ഓരോ പക്ഷത്തിനും കാഴ്ചയിൽ മറുപക്ഷം തങ്ങളേക്കാൾ ചെറുതായി തോന്നി. അതുകൊണ്ട് ഇരുപക്ഷവും പരാജയഭീതിയില്ലാതെ ഏറ്റുമുട്ടാൻ തയാറായി. സംഭവിച്ചേതീരൂ എന്ന് അല്ലാഹു തീരുമാനിച്ച ആ സത്യാസത്യ സംഘട്ടനം യാഥാർഥ്യമാകാൻ വേണ്ടിയാണ് അവൻ ഇരുപക്ഷത്തും ഈ ദൃഷ്ടിഭ്രമമുളവാക്കിയത്.

മുസ്‌ലിംകളുടെ എണ്ണക്കുറവു മാത്രമേ ഖുറൈശിപ്പടയുടെ കണ്ണിൽ പെട്ടുള്ളൂ. അവരുടെ ധാർമിക ശക്തിയും ആത്മധൈര്യവും അവരറിഞ്ഞില്ല. ആദ്യം തുഛരായിക്കണ്ട ഇക്കൂട്ടരെത്തന്നെയാണ് അൽപസമയത്തിനുശേഷം യുദ്ധം കൊടുമ്പിരിക്കൊണ്ടപ്പോൾ അപ്രതിരോധ്യമായ കൊടുങ്കാറ്റായും അവർ കണ്ടത്. മുസ്‌ലിംകളുടെ ധാർമിക ശക്തിയും ആത്മവീര്യവും അവരുടെ മുമ്പിൽ ശരിക്കും പ്രകടമായതപ്പോഴായിരുന്നു. ശത്രുപക്ഷം അസത്യത്തിലും അധർമത്തിലുമുള്ളതാണെന്നും അതു രണ്ടും തകർക്കപ്പെടേണ്ടതും തകർന്നുപോകുന്നതും തന്നെയാണെന്നുമുള്ള ഉറച്ച ബോധ്യത്താലാണ് എണ്ണത്തിൽ വളരെ കൂടുതലുണ്ടായിട്ടും മുസ്‌ലിംകളുടെ ദൃഷ്ടിയിൽ അതൊരു ചെറിയ സൈന്യമായി കാണപ്പെട്ടത്. കാഴ്ച വലിയൊരളവോളം മനോഗതത്തെ ആശ്രയിച്ചാണിരിക്കുന്നത്. മനസ്സിൽ വിശ്വാസവും ധൈര്യവും ദൃഢനിശ്ചയവും സ്വന്തം ലക്ഷ്യത്തിന്റെ യാഥാർഥ്യത്തിൽ ഉറച്ചബോധ്യവും അതിനുവേണ്ടി ആത്മാർപ്പണം ചെയ്യാനുള്ള സന്നദ്ധതയുമുണ്ടെങ്കിൽ മുന്നിലുള്ള മഹാ മല വെറും മണൽ കൂനയായിട്ടായിരിക്കും കാണുക. ഇതിനു നേരെ വിപരീതമായ മാനസികാവസ്ഥയിലുള്ളവർ മണൽകൂനയെ മഹാ മലയായും കാണും. ആട്ടിൻകുട്ടികൾ അവരുടെ കണ്ണിൽ ഉഗ്രസിംഹങ്ങളാകുന്നു. മനുഷ്യനോളം ശക്തിയുള്ളതോ മനുഷ്യനെക്കാൾ ദുർബലമോ ആയി യാതൊന്നുമില്ല. ഈ ശക്തി ദൗർബല്യങ്ങളുടെ സ്രോതസ്സ് അവന്റെ മനസ്സുതന്നെയാണ്. സത്യവിശ്വാസി ആയിരം അവിശ്വാസികളെക്കാൾ ബലിഷ്ഠനായി സ്വയം കണ്ടിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നുവെന്നു പറഞ്ഞാൽ ആധുനിക മനുഷ്യർക്ക് അതുൾക്കൊള്ളാനാവില്ല; ഇന്നത്തെ മുസ്‌ലിംകളുടെ അവസ്ഥയെക്കുറിച്ച് അറിയുന്നവർക്ക് വിശേഷിച്ചും. പക്ഷേ, ചരിത്രം സാക്ഷ്യപ്പെടുത്തുന്ന വസ്തുതയാണത്. യഥാർഥസത്യവിശ്വാസത്തിന്റെ രുചിയറിഞ്ഞ വിശ്വാസികൾ ഇന്നും അതനുഭവിച്ചറിയുന്നു എന്നതും സത്യമാണ്. കാലൂന്നാൻ സ്വന്തമായി മണ്ണുപോലുമില്ലാത്തവർ സകലവിധ സജ്ജീകരണങ്ങളും ലോകം മുഴുവൻ പരന്നുകിടക്കുന്ന സൈനിക ശക്തിയുമുള്ള ആഗോള ഭീകര ജാഹിലിയ്യത്തിനോട് ഏറ്റുമുട്ടാൻ ധൈര്യപ്പെടുന്നത് അതുകൊണ്ടാണ്.

ചെറുതായി കാണുക, വലുതായി കാണുക, ജയം, തോൽവി, തളർച്ച, വളർച്ച എല്ലാം മൗലികമായി ഉളവാക്കുന്നത് അല്ലാഹുവാണ്. എല്ലാ സംഗതികളെയും അവൻ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം ധർമം-കടമ- നിർവഹിക്കുക മാത്രമാണ് മനുഷ്യന് ചെയ്യാനുള്ളത്. ബാക്കിയെല്ലാം അല്ലാഹുവിങ്കലേക്ക് വിടുക. അല്ലാഹുവിനെ മാറ്റിനിർത്തി സ്വന്തമായി വല്ലതും നിർമിക്കാനോ നിർമാർജനം ചെയ്യാനോ കഴിയുമെന്ന് തെറ്റുധാരണയിൽ ഒരിക്കലും അകപ്പെട്ടുപോകാതിരിക്കുക. ഇതാണ് وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ അല്ലാഹുവിങ്കലേക്കല്ലോ കാര്യങ്ങളുടെ മടക്കം എന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്ന ആശയം. ■